## (3) ഭരണഘടനാപരമായ വ്യവസ്ഥകൾ

2017 ആഗസ്റ്റ് മാസം 10-ാം തീയതി 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബില്ലിന്റെ അവതരണ വേളയിൽ, ബില്ലിന്റെ ഉള്ളടക്കം ഒരു സ്റ്റേറ്റ് സബ്ജക്ടാണെന്നും ദേശീയ താല്പര്യമുള്ള ഒരു വിഷയമെന്നതിന്റെ അടിസ്ഥാനത്തിൽ ഈ നിയമം പാർലമെന്റ് പാസ്സാക്കിയതാണെന്നും കേന്ദ്ര-സംസ്ഥാന നിയമങ്ങൾ തമ്മിൽ കാതലായ വ്യത്യാസങ്ങളില്ലാത്തതിനാൽ ആർട്ടിക്കിൾ 252 (1) അനുസരിച്ച് സംസ്ഥാന നിയമസഭ റെസല്യൂഷൻ അഡോപ്റ്റ് ചെയ്താൽ മാത്രം മതിയെന്നും ഇൻഡ്യയിലെ മിക്ക സംസ്ഥാനങ്ങളും അങ്ങനെയാണ് ചെയ്തിരിക്കുന്നതെന്നും ഒരംഗം ക്രമപ്രശ്നം ഉന്നയിച്ചു.

ഇൻഡ്യൻ ഭരണഘടനയുടെ 249-ാം അനുച്ഛേദപ്രകാരം സംസ്ഥാന ലിസ്റ്റിന്റെ വിഷയത്തിൽ പാർലമെന്റ് പാസ്സാക്കിയിട്ടുള്ള നിയമമാണിതെന്നും പ്രസ്തുത ആക്ട് സംസ്ഥാനത്ത് ബാധകമാക്കിയിട്ടില്ലെന്ന് മാത്രമല്ല കേന്ദ്ര നിയമത്തിൽനിന്ന് പ്രകടമായ ചില വ്യത്യാസങ്ങൾ സംസ്ഥാനത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ച് പുതിയ ബില്ലിൽ ചേർത്തിട്ടുണ്ടെന്നും ഭരണഘടനാപരമായ തടസ്സങ്ങളൊന്നും ഇല്ലാത്തതിനാൽ അംഗം ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്നും ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി വിശദീകരണം നൽകി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി.*

"സംസ്ഥാനത്തിന്റെ സഹജമായ ചില കാര്യങ്ങൾക്കൂടി ഈ ബില്ലിലുൾപ്പെടുത്തണമെന്നും ഭരണഘടനാപരമായ തടസ്സങ്ങളൊന്നും ഇല്ലെന്നും വ്യക്തമായ സാഹചര്യത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല."

* XIV KLA VII Session Vol. No. 168/No. 4 dated 10.08.2017